ഉത്തരം

(എ) ഉണ്ട്.

(ബി) തമ്പാനൂരിൽ ഉടുപ്പി ലോഡ്ജ് കെട്ടിടം തകർന്നതുപോലുള്ള അപകടങ്ങൾ ഭാവിയില ആവർത്തിക്കാതിരിക്കാൻ മുൻകരുതലുകൾ എടുക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ മുഖ്യനഗരാസൂത്രകന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി-ഇ) പരിശോധിച്ചുവരുന്നു.

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

168 (1926) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ :

(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ :

(സി) ഭേദഗതികൾ എന്ന് നടപ്പിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 21-6-2010-ലാണ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അവസാനമായി ഭേദഗതി വരുത്തിയത്. ഏതെങ്കിലും കാര്യത്തിൽ ഭേദഗതി ആവശ്യമുണ്ടെന്ന് തോന്നുന്നപക്ഷം ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് പരിഗണിക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളിലും കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് ചില പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി

169 (1927) ശ്രീ. കെ. ബാബു :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ജീവനക്കാരുടെ കുറവ് ഈ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly